International journal of Research in pharmaceutical sciences, ISSN;0975-7538, DOI:https://doi.org/10.26452/ijrps.v 9i4.1678. (Peer reviewed & UGC listed)

9. Screening study of three medicinal plants for their antioxidant and cytotoxic activity, 2018, 9(9), 3781-3787; International Journal of pharmaceutical sciences and research. DOI:10.13040/IJPSR.0975-8232.9 (9).3781-87; E-ISSN: 0975-8232; P-ISSN: 2320-5148. (Peer reviewed & UGC listed)
10. A novel chalcone derivative from Punica granatum peel inhibits LOX/COX enzyme activity. 2018, 7, 593-97, Beni-Suef University Journal of Basic and Applied Sciences.Elsevier, ISSN2314-8535 https:/doi.org/10.1016/j.bjbas.2018.07.001. (Peer reviewed & UGC listed)
11. Structural characterisation of a novel derivative of myricetin from Mimosa pudica as an antiproliferative agent for the treatment of cancer. 2016, 84, 1067-1077.Biomedicin e and Pharmacot herapy Impact Factor: 4.545 Elsevier. ISSN 0753- 3322 (Peer reviewed & UGC listed)
12. In vitro studies of Immunomodulatory and free radical scavenging activities of flavonoid isolated from Mimosa pudica. 2014, 5 (10), 4254-4261; International Journal of pharmaceutical sciences and research.E-ISSN: 0975-8232. (Peer reviewed & UGC listed)
13. Study of In vitro Immunomodulatory effect of flavonoid isolated from Phyllanthus niruri on human blood lymphocytes and evaluation of its antioxidant potential, Vol 6(2), 2014. International Journal of Pharmacognosy and Phytochemical Research. ISSN: 0975-4873. (Peer reviewed & UGC listed)
14. Comparative evaluation of anticancer activities of flavonoids isolated from mimosa pudica, Aloe vera and Phyllanthus niruri against human breast carcinoma cell line (MCE-7) using MTT assay Vol 6(2), 2014. International J. of Pharmacy and Pharmaceutical sciences,.ISSN: 0975-1491 (Peer reviewed & UGC listed)
15. Development of Zein – Pectin Nanoparticle as Drug Carrier – Vol 4, No 2, 2012 .International Journal of Drug Delivery. (Peer reviewed & UGC listed)
16. A novel chalcone derivative from Punica granatum peel inhibits LOX/COX enzyme activity. 2018, 7, 593-97.Beni-Suef University Journal of Basic and Applied Sciences. Elsevier; ISSN 2314- 8535 https:/doi .org/10.1 016/j.bjb as.2018. 07.001 (Peer reviewed & UGC listed)

17. Screening study of three medicinal plants for their antioxidant and cytotoxic activity, 2018, 9(9), 3781-3787; International Journal of pharmaceutic al sciences and research. DOI: 10.13040 /IJPSR.0 975- 8232; EISSN:09 75-8232; PISSN:23 20-5148 (Peer reviewed & UGC listed)
18. Free radical scavenging and in vitro α-amylase inhibition activities of flavonoids from the fruit rind of Terminalia bellirica, 2018, 9(4), 1306-1312 .International journal of Research in pharmaceutic al sciences. ISSN; 0975-7538, DOI: https://do i.org/10. 26452/ijr ps.v9i4.1 678 (Peer reviewed & UGC listed)
19. An alkaloid derivative from Coccinia fenestratum exhibit dual COX/LOX inhibition, 5(1), 2018, 117- 121; Journal of innovations in pharmaceuticals and biological sciences.ISSN: 2349- 2759 (Peer reviewed & UGC listed)
20. Anti inflammatory potential of flavonoids from Hemigraphis colorata 2018 6(2), 569- 574;International Journal of Life sciences, ISSN: 2320- 964X (Peer reviewed & UGC listed)
21. Study of in vitro antioxidant and DNA damage protection activity of a novel luteolin derivative isolated from Terminalia chebula. 2019, 13(1), 755-63. Journal of Taibah University of Science. Taylor and Francis Impact Factor 1.863. ISSN 1685- 3655 https://do i.org/10. 1080/165 83655.20 19.16308 92 (Peer reviewed & UGC listed)
22. Cytotoxic and antigenotoxic properties of phenolic compound isolated from the fruit of Terminalia chebula on Hela Cell. 2019, 8: 15, 2-6 .Beni-Suef University Journal of Basic and Applied Sciences. Springer. ISSN 0975-7538; https://do i.org/10. 1186/s43 088-019- 0017-9.(Peer reviewed & UGC listed)
23. ABTS radical scavenging and antimicrobial activities of flavonoid fraction from Terminalia bellerica fruit rinds., 2019, 9(3-s), 544-548.Journal of drug delivery and Therapeutics .ISSN:22 50-1177 https://jd dtonline.i nfo; https://dx .doi.org/ 10.22270 /jdvt.v9i 3-s.3084, (Peer reviewed & UGC listed)
24. Plant mediated biosynthesis of zein – pectin nanoparticle: Preparation, Characterization and In vitro drug release study. 32: (2020), 1785-1791.jksus.2020.01.017.Journal of King Saud University – Science, Impact Factor: 3.819; Elsevier, ISSN 1018- 3647; https://do i.org/10. 1016/j. (Peer reviewed & UGC listed)

25.Root extracts of Anacardium occidentale reduce hyperglycemia and oxidative stress in vitro 2021, 7; 57, 1-9. Clinical Phytoscience. Springer. ISSN 2199- 1197; DOI : 10.1186/ s40816- 021- 00293-1 (Peer reviewed & UGC listed)

26.Potential health benefits of flavonoids from Punica granatum. 'Chemistry and Biotechnology of poly phenols' Chapter 2. 2011, 33-CIBET Publishers, ThiruvananthapuramEd.Sa bu A, Roussos.S and Auguilar C. N. Akshara printers, Thiruvananthapuram. National ISBN978 -81- 920782- 0-5 (Peer reviewed)

27.Biotransformation Enzymes' (Chapter 5); Bioresources and Bioprocesses in Biotechnology; 2017, Volume 2; 129-150. Ed: Shiburaj S, N.S. Pradeep, Sabu A; Springer. International. ISBN 978- 981- 10-4284- 3 (Peer reviewed).

Q.No.21

<u>Dr. Shanoj M P</u>

യൂണിവേഴ്സിറ്റി സേവനാവകാശ നിയമ പ്രകാരം അപേക്ഷിച്ച് ഒരു മാസത്തിനുള്ളിൽ വിദ്യാർത്ഥികളുടെ ഡിഗ്രി ഒറിജിനൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇതുപ്രകാരം അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ കാലതാമസം വരാനുള്ള കാരണം എന്താണ്?

<u>ഉത്തരം - പ്രൊഫ. പി. മഹേഷ് കുമാർ</u> - സർവ്വകലാശാലയിൽ സേവനാവകാശ നിയമം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന് രജിസ്ട്രാർ തയ്യാറാക്കിയ കരട് പ്രപ്പോസൽ പരിശോധനക്കും പരിഗണനക്കുമായി സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി കൺവീനർമാർക്ക് കൈമാറിയിരിക്കുകയാണ്. കരട് പ്രപ്പോസലിൽ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം സേവനാവകാശ നിയമത്തിന്റെ പരിധിയിൽ പെടുത്തിയിട്ടില്ല. നിലവിൽ വിദ്യാർത്ഥികളുടെ അപേക്ഷകൾ സെക്ഷനിൽ ലഭിച്ച് 4 മാസത്തിനുള്ളിൽ (നോർമൽ ട്രാക്ക് മുഖേന) സർട്ടിഫിക്കറ്റ് വിതരണം ചെയ്തുവരുന്നുണ്ട്. അത്യാവശ്യമുള്ള വിദ്യാർത്ഥികൾക്ക്, ആവശ്യങ്ങൾ പരിഗണിച്ച് ഫാസ്റ്റ് ട്രാക്ക് മുഖേന ഒരാഴ്ചകൊണ്ട് സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട്. എന്നാൽ ലഭ്യമായ അപേക്ഷകൾ കൈകാര്യം ചെയ്യാൻ ആനുപാതികമായി ജീവനക്കാരില്ലാത്തതും Official Transcript, Genuineness Verification എന്നിവയ്ക്ക് കൂടുതൽ അപേക്ഷകൾ വരുന്നതും സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിൽ കാലതാമസത്തിന് ഇടയാക്കുന്നുണ്ട്.

7.19 ഇതുമായി ബന്ധപ്പെട്ട rules, procedures എന്നിവ എളുപ്പമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് ചെയർ പറഞ്ഞു.

7.20 അഡ്വ. എം.കെ ഹസ്സന്റെ ഉപചോദ്യത്തിനുത്തരമായി ഫീസ് വർദ്ധിപ്പിച്ച് എല്ലാ വിദ്യാർത്ഥികൾക്കും ഫാസ്റ്റ്ട്രാക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള അവസരം

നല്കുമെന്ന് ചെയർ പറഞ്ഞു. ഡിഗ്രി സർട്ടിഫിക്കറ്റ് അപേക്ഷകളുമായി ബന്ധപ്പെട്ട പുതിയ rules, procedures എന്നിവ അടുത്ത സിന്റിക്കേറ്റിൽ പരിഗണിച്ച് പ്രസിദ്ധീകരിക്കാമെന്നുകൂടി ചെയർ കൂട്ടിച്ചേർത്തു.

Q.No.22

Sri. Saju P.J

സർവ്വകലാശാലയിൽ ഒരു Creche തുടങ്ങാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിരുന്നു. എന്നാൽ ഇത് വരെയായി അത് പ്രവർത്തന സജ്ജമായി കാണുന്നില്ല. ഇത് പ്രവർത്തന ക്ഷമമാക്കാൻ തടസ്സമായി നിൽക്കുന്നത് എന്താണ്? ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം - ഡോ. രാഖി രാഘവൻ - താവക്കര ക്യാമ്പസിലെ സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിൽ ക്രെഷിന്റെ പ്രവർത്തനത്തിന് സ്ഥലം നീക്കിവെക്കുകയും ക്രെഷിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. കൂടാതെ പ്രസ്തുത കമ്മിറ്റിയുടെ യോഗം 24.02.2022 ന് രജിസ്ട്രാറുടെ ചേംബറിൽ ചേരുകയും ക്രെഷിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാൻ ജ്വാല, വിമൻസ് ഫോറം എന്നിവയുടെ പ്രതിനിധികളെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ക്രെഷിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികൾ 2 മുതൽ 5 വയസ്സുവരെ ഉള്ളവരായിരിക്കണം എന്നും തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

Q.No.23

Dr. R. K. Biju

കണ്ണൂർ സർവ്വകലാശാലയിലെ നിലവിലുള്ള പഠന ബോർഡുകളിൽ അതാതു വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയിട്ടില്ലാത്ത എത്ര വിഷയ വിദഗ്ധർ ഉണ്ട്? വിഷയാടിസ്ഥാനത്തിൽ അവരുടെ പേര് വിവരങ്ങൾ നൽകുക.

ഉത്തരം

വിഷയം ഹൈക്കോടതിയുടെ പരിഗണനയിൽ ആയതിനാൽ അന്തിമ വിധി വന്നതിന് ശേഷം ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

7.21 നിലവിൽ ഈ ചോദ്യത്തിന് പ്രസക്തി ഇല്ലാത്തതിനാൽ ചോദ്യം ചോദിക്കുന്നില്ലെന്ന് ഡോ. ആർ.കെ ബിജു അറിയിച്ചു.

Q.No.24

Sona P

സിൽവർ ജൂബിലി പദ്ധതിയിൽ ഉൾപ്പെടുത്തി സെമിനാറുകൾ/ശില്പശാലകൾ എന്നിവ നടത്താനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്താനും തീരുമാനിച്ചിരുന്നു. ഇതിൽ എത്ര പരിപാടികൾ ഇതിനകം നടപ്പാക്കപ്പെട്ടിട്ടുണ്ട്?

ഉത്തരം - പ്രൊഫ. (ഡോ) കെ ശ്രീജിത്ത് - സിൽവർ ജൂബിലിയുമായി ബന്ധപ്പെട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ സെമിനാറുകൾ /

ശില്പശാലകൾ എന്നിവ നടത്തുന്നതിന് വേണ്ടി 5,00,000/ രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിൽ നിന്ന് അനുവദിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

7.22 ഔദ്യോഗിക പ്രമേയം

7.23 സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി ഔദ്യോഗിക പ്രമേയം അവതരിപ്പിച്ചു.

7.24 Draft National Higher Education Qualification Framework (DNHEQF) ൽ പ്രതിപാദിച്ച ദേശീയ തലത്തിൽ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മയുടെ പേരുപറഞ്ഞു കൊണ്ടുവരാൻ പോകുന്ന പൊതു കരിക്കുലവും സിലബസും ഒറ്റ ഇന്ത്യ ഒറ്റ കരിക്കുലം എന്ന കേന്ദ്രീകരണ ആശയത്തെ സാധൂകരിക്കുന്നതാണ്. ഇത് ഇന്ത്യൻ സർവ്വകലാശാലകളുടെ വൈവിധ്യവും സംസ്കാരവും നശിപ്പിക്കും. അതുകൊണ്ട് തന്നെ ഇത്തരം നീക്കങ്ങളിൽ നിന്ന് യു.ജി.സി യും കേന്ദ്ര സർക്കാരും പിന്മാറണമെന്ന് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു.

7.25 ഈ പ്രമേയത്തെ മുഴുവൻ അംഗങ്ങളും പിന്താങ്ങി.

7.26 പ്രമേയം സഭ പാസ്സാക്കി.

**II. Business brought forward by the Members of the Syndicate and the Vice-Chancellor.**

**i. Consider and pass resolution on the Annual Report for the year 2021.**

7.27 262 പേജുള്ള വാർഷിക റിപ്പോർട്ട് ഓൺ ലൈനിൽ സോഫ്റ്റ് കോപ്പി ആയിട്ടാണ് ലഭിച്ചത്. അത് കൊണ്ട് തന്നെ പൂർണ്ണമായി വായിക്കാൻ സാധിച്ചിട്ടില്ല. ചട്ടപ്രകാരം ഹാർഡ് കോപ്പി കിട്ടിയിരുന്നെങ്കിൽ കുറച്ചുകൂടി വിശദമായി പരിശോധിക്കാൻ കഴിയുമായിരുന്നെന്ന് ഡോ. ആർ.കെ.ബിജു പറഞ്ഞു.

7.28 വാർഷിക റിപ്പോർട്ടിൽ പേജ് നമ്പർ 15 ൽ Second Cycle of NAAC Accreditation എന്നതിന് പകരം First Cycle of NAAC Accreditation എന്നാണ് ചേർത്തിട്ടുള്ളത്.

7.29 പേജ് നമ്പർ 29 മുതൽ 54 വരെ Board of Studies and Chairperson എന്നതിൽ Board of Studies list ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ ഇത് നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം.

7.30 പേജ് 62 മുതൽ 64 വരെ കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ടിൽ വലിയ എഡിറ്റിങ്ങൊന്നും നടത്താതെ പുനരാവിഷ്കരിക്കുകയായിരുന്നു. RUSA യുമായി ബന്ധപ്പെട്ടതൊന്നും കാണിച്ചിട്ടില്ല. ഒരു വർഷത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നാണ് വാർഷിക റിപ്പോർട്ട് പറയേണ്ടത്.

7.31 IQAC യുടെ ജനറൽ സ്ട്രക്ചർ മാത്രമാണ് പേജ് 64 ൽ നൽകിയിരിക്കുന്നത്. കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നത് വ്യക്തമാക്കണം. സർവ്വകലാശാലയുമായി ബന്ധപ്പെട്ട MoU പല സ്ഥലങ്ങളിലും ആവർത്തിച്ചു വന്നിട്ടുണ്ട്.

7.32 73-ാമത്തെ പേജിൽ Civil Service Training Institute - കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ടിൽ പേജ് നമ്പർ 70 ൽ 2019-20 വർഷം 42 പേർ രജിസ്റ്റർ ചെയ്തതായി നേരത്തെ പറഞ്ഞിരുന്നു. 2020-21 ൽ 13 പേർ രജിസ്റ്റർ ചെയ്തു. കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ടിൽ 42 ന് പുറമെ 32 പേരെ വേറെ രജിസ്റ്റർ ചെയ്തു എന്ന് പറയുന്നു. ഈ വർഷം 12 പേരെ രജിസ്റ്റർ ചെയ്തു. ഈ കണക്കിൽ പല പൊരുത്തക്കേടുകളും കാണുന്നു. ആയതിനാൽ Civil Service Training Institute ൽ എത്ര പേരാണ് പഠിക്കുന്നത് എന്ന കാര്യത്തിൽ പോലും അവ്യക്തത നിലനിൽക്കുകയാണ്.

7.33 Chairs & Endowments കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ടിൽ പേജ് നമ്പർ 70, 71 ൽ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് ഈ വാർഷിക റിപ്പോർട്ടിൽ 74, 75 പേജ് നമ്പറിൽ പറഞ്ഞിരിക്കുന്നത്. ഉദാഹരണമായി 27/08/2019 ൽ നടന്ന ഇ.കെ.നായനാർ ചെയറിന്റെ പേരിൽ നടത്തിയ സെമിനാർ കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും വാർഷിക റിപ്പോർട്ടിൽ ഉണ്ട്. ബാരിസ്റ്റർ എം.കെ. നമ്പ്യാർ ചെയറിന്റെ പരിപാടിയുമായി ബന്ധപ്പെട്ടും ഇത്തരം അപാകതകൾ ഉണ്ട്.

7.34 Details of staff in the University - കഴിഞ്ഞ വർഷത്തെ കണക്ക് തന്നെയാണ് ഈ വർഷവും ആവർത്തിച്ചു വന്നിരിക്കുന്നത്. Super numerary തസ്തികകൾ കഴിഞ്ഞ വർഷം കൊടുത്ത് തന്നെയാണ് ഇപ്പോഴുമുള്ളത്. കഴിഞ്ഞ വർഷം വിരമിച്ചവരും ഉണ്ടാവുമല്ലോ.

7.35 Single Window Cell 2020 ൽ എല്ലാ പ്രോഗ്രാമുകൾക്കും ഉള്ള കുട്ടികളുടെ എണ്ണം തന്നെയാണ് ഈ വർഷവും കാണിച്ചിരിക്കുന്നത്.

7.36 സർവ്വകലാശാല അടുത്ത സാമ്പത്തിക വർഷത്തിൽ അർഹതയുള്ളവർക്ക് പ്രതിമാസം 10000/- രൂപ വീതം Junior Research Fellowship നൽകുമെന്ന് പറഞ്ഞിരുന്നു. (page no.137– other relevant information) അതും ആവർത്തിച്ചു വന്നിട്ടുണ്ട്. ഏത് സാമ്പത്തിക വർഷത്തിൽ തുടങ്ങിയതാണെന്ന് പറഞ്ഞിട്ടില്ല.

7.37 Stock and Asset Register ഇൻസ്റ്റാൾ ചെയ്ത കാര്യത്തിലും ഏത് സാമ്പത്തിക വർഷമെന്ന് പറയുന്നില്ല. (page no. 148) പല കാര്യങ്ങളും cut & paste ചെയ്തിരിക്കുകയാണ്. NSS സെല്ലിന്റെ കാര്യത്തിലും (page no. 150 & 151) 2020 വർഷത്തേത് തന്നെയാണ് 2021 ൽ കാണിച്ചിരിക്കുന്നത്. പല കമ്മിറ്റികളുടെയും 2020 എന്ന വർഷം മാത്രം മാറ്റി 2021 ആക്കിയിരിക്കുകയാണ്.

7.38 വാർഷിക റിപ്പോർട്ട് തയ്യാറാക്കിയവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ സർവ്വകലാശാല തയ്യാറാവണമെന്നും ഇത് തിരുത്തൽ വരുത്തിയ ശേഷം അടുത്ത സെനറ്റിൽ മാത്രമേ അംഗീകരിക്കാവൂ എന്നും ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു.

7.39 തുടർന്ന് സംസാരിച്ച വൈസ് ചാൻസിലർ ഡോ. ആർ.കെ ബിജു ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും പ്രസക്തിയുള്ളതാണെന്നും തിരുത്തേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. ചൂണ്ടിക്കാണിച്ച കാര്യങ്ങൾ പെട്ടെന്ന് തന്നെ തിരുത്തുമെന്നും

അദ്ദേഹം പറഞ്ഞു. ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കാൻ രജിസ്ട്രാറോട് വൈസ് ചാൻസിലർ നിർദ്ദേശിച്ചു.

7.40 പല കോളേജുകളിൽ നിന്നും ഡിപ്പാർട്ട്മെന്റുകളിൽ നിന്നും വളരെ വൈകിയാണ് റിപ്പോർട്ട് ലഭിക്കുന്നതെന്നും അതുതന്നെ മുൻവർഷങ്ങളിലെ കോപ്പിയാണ് അയക്കുന്നതെന്നും പ്രോ വൈസ് ചാൻസിലർ പറഞ്ഞു. ചൂണ്ടിക്കാണിച്ച കാര്യങ്ങൾ എല്ലാം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നും വാർഷിക റിപ്പോർട്ട് പാസ്സാക്കിക്കൊണ്ട് തിരുത്തലുകളോടെ അയക്കുന്നതിന് തീരുമാനം എടുക്കുന്നതായിരിക്കും നല്ലതെന്നും പ്രോ വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

7.41 കുറച്ച് വൈകിയാലും വാർഷിക റിപ്പോർട്ടിൽ ആവശ്യമായ തിരുത്തൽ വരുത്തി അംഗീകരിക്കുന്നതാണ് നല്ലതെന്ന് ഡോ. ആർ.കെ.ബിജു പറഞ്ഞു. തുടർന്ന് സംസാരിച്ച വൈസ് ചാൻസിലർ തിരുത്തൽ വരുത്തിക്കൊണ്ട് വാർഷിക റിപ്പോർട്ട് പാസ്സാക്കാമെന്ന് പറഞ്ഞു. ആവശ്യമായ തിരുത്തലുകളോടെ വാർഷിക റിപ്പോർട്ട് സഭ അംഗീകരിച്ചു.

## III. Business brought forward by the members of the Senate.

7.42 <u>അടിയന്തിര പ്രമേയം</u>

7.43 ഡോ. ഷനോജ് എം.പി, ഡോ. ആർ.കെ ബിജു എന്നിവർ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയതായി രജിസ്ട്രാർ യോഗത്തെ അറിയിച്ചു.

7.44 ഡോ. ഷനോജ് എം.പി യുടെ പ്രമേയം സ്വീകരിക്കുന്നതായി വൈസ് ചാൻസിലർ അറിയിച്ചു.

7.45 ഡോ. ഷനോജ് എം.പി. പ്രമേയം അവതരിപ്പിച്ചു.

7.46 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 50% അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിലോ നിശ്ചിത കാലയളവിസേക്കോ നിയമിക്കാൻ വഴി തുറക്കുന്ന യു.ജി.സി. യുടെ മാർഗ്ഗരേഖ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാനുതകുന്നതാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വജന പക്ഷപാതത്തിനും മൂല്യശോഷണത്തിനും വഴിയൊരുക്കുന്ന രീതിയിൽ ഗവേഷണ മേഖലകളിൽ നിന്നും പ്രൊഫഷണൽ മേഖലകളിൽ നിന്നും വിസിറ്റിങ്ങ് പ്രൊഫസർമാരെ നിയമിക്കാൻ ഒരുങ്ങുന്ന പ്രൊഫസർ ഓഫ് പ്രാക്ടീസ് എന്ന നിർദ്ദേശവും വലിയ അപകടം സൃഷ്ടിക്കും.

വൈജ്ഞാനിക മേഖലകളുടെ വികസനത്തിനും വിമർശനാത്മക ചിന്തകൾക്കും യുക്തിബോധത്തിനും വഴിയൊരുക്കാത്തതും രാജ്യത്തിന്റെ ബഹുസ്വരതയ്ക്കും മതനിരപേക്ഷ മൂല്യങ്ങൾക്കുമപ്പുറം കേവലം തൊഴിലവസരം എന്ന ഒറ്റ ലക്ഷ്യത്തെ മുൻ നിർത്തി വിദഗ്ധ തൊഴിലാളി വൃന്ദത്തെ സൃഷ്ടിക്കാൻ പോന്നതും ആയ നിർദ്ദേശങ്ങൾ ഉള്ള നാഷനൽ ഹയർ എജ്യുക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കും (NHEQF) മതിയായ കൂടിയാലോചനകൾ ഇല്ലാതെ നടപ്പിലാക്കാനാണ് യു.ജി.സി യുടെ ശ്രമം.

രാജ്യത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികല വിദ്യാഭ്യാസ പരിഷ്കാരങ്ങളിൽ നിന്ന് കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയവും യു.ജി.സി. യും പിന്തിരിയണമെന്ന് ഈ അടിയന്തിര പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.47 മിനിസ്ട്രിയുടെ പേര് ഇപ്പോൾ Ministry of Educational Skill Acquisition and entrepreneurship എന്നാണ് എന്നും Ministry of Human Resource Development എന്നല്ല എന്നും പ്രസ്തുത ഭേദഗതി വരുത്തിക്കൊണ്ട് പ്രമേയം പാസ്സാക്കാമെന്നും വൈസ് ചാൻസിലർ പറഞ്ഞു.

7.48 ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

7.49 ഡോ. ആർ.കെ ബിജു വിന്റെ പ്രമേയം നേരത്തെ എടുത്ത തീരുമാനം തിരുത്തുന്നതുമായി ബന്ധപ്പെട്ടതാണെന്നും retrospective ആയി അങ്ങനെ ചെയ്യാൻ കഴിയില്ലെന്നും വൈസ് ചാൻസിലർ അറിയിച്ചു.

Resolution No.1

Sri. Satheesan P.K moved the resolution

പ്രമേയം - സെനറ്റ് യോഗത്തിൽ അംഗീകരിച്ച പ്രമേയത്തിൻ മേൽ സിണ്ടിക്കേറ്റ് കൈക്കൊണ്ട തീരുമാനങ്ങൾ പ്രമേയ അവതാരകർക്ക് രേഖാമൂലം നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.50 ശ്രീമതി. ലത ഇ.എസ് പ്രമേയത്തെ പിന്താങ്ങി.

7.51 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.2

Sri. Satheesan P.K moved the resolution

പ്രമേയം - കണ്ണൂർ സർവ്വകലാശാല ആസ്ഥാനത്ത് എത്തിച്ചേരുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ജീവനക്കാർക്കും കാൽടെക്സ്, യൂണിവേഴ്സിറ്റി, ബസ് സ്റ്റാന്റ് വഴി മുപ്പത് മിനിറ്റ് ഇടവിട്ട് യൂണിവേഴ്സിറ്റി തലത്തിൽ മിനി വാൻ സർവ്വീസ് ആരംഭിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.52 ഇത് അനുവദിക്കാനാകില്ലെന്നും ഈ സ്ഥലങ്ങളിൽ നിന്നെല്ലാം സർവ്വകലാശാലയിലേക്ക് നടക്കേണ്ട ദൂരം മാത്രമേ ഉള്ളൂ വെന്നും വൈസ് ചാൻസിലർ അറിയിച്ചു.

7.53 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.3

Sri. Vijayakumar V

പ്രമേയം - സർവ്വകലാശാലയിലെ അഫിലിയേറ്റഡ് (Aided) കോളേജുകളിൽ പുതിയതായി നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ നൽകണമെന്നും, നിയമനാംഗീകാരം ലഭിക്കുന്നതിനു വേണ്ടി കോളേജുകൾ സമർപ്പിക്കേണ്ട രേഖകളുടെ ഒരു ചെക്ക് ലിസ്റ്റ് സർവ്വകലാശാല മുൻകൂറായി പ്രസിദ്ധീകരിക്കണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.54 ശ്രീ. വിജയകുമാർ വി ക്ക് വേണ്ടി ചെയറിന്റെ അനുമതിയോടെ ശ്രീമതി. ലത ഇ.എസ് പ്രമേയം അവതരിപ്പിച്ചു.

7.55 ഡോ. ആർ.കെ ബിജു പ്രമേയത്തെ പിന്താങ്ങി.

7.56 മെമ്പർ ഉന്നയിച്ച കാര്യങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ടെന്നും പ്രമേയത്തിന്റെ ആവശ്യമില്ലെന്നും സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ വി അഭിപ്രായപ്പെട്ടു. സർവ്വകലാശാല വളരെ സമയ ബന്ധിതമായിട്ടാണ് ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും ചെക്ക് ലിസ്റ്റ് സംബന്ധിച്ച കാര്യങ്ങൾ വെബ്സൈറ്റിലും കോളേജുകളിലുമുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചെക്ക് ലിസ്റ്റ് കൃത്യമായ procedure രേഖപ്പെടുത്തിയിട്ട് കോളേജുകൾക്ക് അയച്ചു കൊടുക്കാമെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

7.57 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.4

Sri. Saju P J moved the resolution

പ്രമേയം - മെയിൻ റോഡിൽ നിന്നും യൂണിവേഴ്സിറ്റിയിലേക്കുള്ള റോഡ് തിരിയുന്ന സ്ഥലത്ത് (ദംറോ ക്ക് മുൻവശം) ഒരു ബസ് സ്റ്റോപ്പ് അനുവദിക്കുന്നതിന് വേണ്ടി മോട്ടോർ വാഹന വകുപ്പിനോട് അഭ്യർത്ഥിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.58 ഡോ. മഞ്ജുള കെ.വി പ്രമേയത്തെ പിന്താങ്ങി.

7.59 ഇതോടൊപ്പം ട്രാഫിക് ലൈറ്റും ആവശ്യമാണെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. സീബ്രാ ലൈൻ വേണമെന്ന് ഡോ. ആർ.കെ ബിജു ആവശ്യപ്പെട്ടു.

7.60 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.5

Dr. Ismayil Olayikkara moved the resolution

പ്രമേയം - കേരള ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ മേഖല കേന്ദ്രീകരിച്ച് സമഗ്ര പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നു എന്നത് അഭിനന്ദനീയമാണ്. എയ്ഡഡ് കോളേജുകളിൽ ആർട്സ് & സയൻസ് വിഷയങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ സർക്കാരിനോട് യൂണിവേഴ്സിറ്റി ശുപാർശ ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.61 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

7.62 ഇതിൽ ഗവൺമെന്റ് കോളേജുകളെ കൂടി ഉൾപ്പെടുത്താമെന്ന് ചെയർ പറഞ്ഞു.

7.63 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.6

Dr. Shanoj M P moved the resolution

പ്രമേയം - കായിക മികവിന് സർവ്വകലാശാല എല്ലാ വർഷവും നൽകി വരുന്ന ജിമ്മി ജോർജ്ജ് ട്രോഫിയും മികച്ച കോളേജുകൾക്കുള്ള ക്യാഷ് അവാർഡുകളും

2020-21 വർഷത്തേത് ഇനിയും വിതരണം ചെയ്തിട്ടില്ല. അവ എത്രയും പെട്ടെന്ന് നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈപ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.64 ഡോ. മഞ്ജുള കെ വി പ്രമേയത്തെ പിന്താങ്ങി.

7.65 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.7

Dr. R K Biju moved the resolution

പ്രമേയം - സർവ്വകലാശാലയിലെ വിവിധ സേവനങ്ങൾക്കായി നൽകി വരുന്ന ട്രാവൽ അലവൻസും, ഡെയിലി അലവൻസും 10.02.2021 ലെ സർക്കാർ ഉത്തരവിന് (G.O.(P)No.27/2021/Fin dated 10/02/2021) ആനുപാതികമായി മാറ്റം വരുത്തണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.66 ശ്രീമതി. ലത ഇ.എസ് പ്രമേയത്തെ പിന്താങ്ങി.

7.67 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.8

Dr. Shanoj M P moved the resolution

പ്രമേയം - അഫിലിയേറ്റഡ് കോളേജുകളിലെ അനദ്ധ്യാപകർക്ക് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട അപ്പോയിന്മെന്റ്, പ്രമോഷൻ തുടങ്ങിയ സർവ്വീസ് വിഷയങ്ങളിൽ പരിശീലന പരിപാടി സംഘടിപ്പിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.68 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

7.69 ഫീസ് ഈടാക്കി പരിശീലന പരിപാടികൾ സംഘടിപ്പിക്കാമെന്ന് ചെയർ പറഞ്ഞു.

7.70 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.9

Dr. Suresh Kumar K S moved the resolution

പ്രമേയം - കണ്ണൂർ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ വിദ്യാർത്ഥികളുടെ അനുപാതം കൂടിയത് കോളേജുകളിലെ അദ്ധ്യാപന-പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ സർക്കാരിനോടു ശുപാർശ ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.71 ശ്രീമതി. സോന പി പ്രമേയത്തെ പിന്താങ്ങി.

7.72 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.10

Sri. Vijayakumar V moved the resolution

പ്രമേയം - കോളേജ് അദ്ധ്യാപകരുടെ പ്രമോഷനുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന സ്ക്രീനിംഗ് കമ്മിറ്റിയുടെ മീറ്റിംഗിൽ യു.ജി.സി നിഷ്കർഷിക്കുന്ന

ക്വാറം ഉണ്ടായാൽ മതിയെന്നും, രണ്ട് വിഷയ വിദഗ്ധൻമാരിൽ ഒരാൾ പങ്കെടുത്താൽ മതിയെന്നും യു.ജി.സി റെഗുലേഷൻ ഉദ്ധരിച്ചുകൊണ്ട് സർവ്വകലാശാല ഉത്തരവിറക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.73 ശ്രീ. വിജയകുമാർ വി ക്ക് വേണ്ടി ചെയറിന്റെ അനുമതിയോടെ ശ്രീമതി. ലത ഇ.എസ് പ്രമേയം അവതരിപ്പിച്ചു.

7.74 ഡോ. ആർ.കെ ബിജു പ്രമേയത്തെ പിന്താങ്ങി.

7.75 യു.ജി.സി റെഗുലേഷൻ സർവ്വകലാശാല ഉത്തരവായി ഇറക്കേണ്ട ആവശ്യമില്ലെന്ന് ഡോ. സുരേഷ് കുമാർ കെ.എസ്, ഡോ. ടി.പി അഷ്റഫ് എന്നിവർ അഭിപ്രായപ്പെട്ടു. മിനിമം ക്വാളിഫിക്കേഷനെ കുറിച്ച് മാത്രമാണ് യു.ജി.സി. പറയുന്നതെന്നും ക്വാളിഫിക്കേഷൻ കൂടുന്നത് കൊണ്ട് പ്രശ്നമൊന്നുമില്ലെന്നും വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

7.76 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.11

Sri. Shanavas S M moved the resolution

പ്രമേയം - സർക്കുലർ നമ്പർ RD/SO/RD-D/1077/2022 പ്രകാരം പബ്ലിഷ് ചെയ്ത റിസർച്ച് പേപ്പറുകളുടെ Similarity Certificate ആവശ്യപ്പെടുന്നതായി കാണുന്നു. മേൽ വിഷയം പുനരാലോചിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.77 ശ്രീ. ഷാനവാസ് എസ്. എം തത്സമയം ഹാജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല.

Resolution No.12

Smt. Latha E S moved the resolution

The results of the revaluation of various semesters are declared very late. Through this resolution, I pray that the results of the revaluation be released within a fixed period.

7.78 ഡോ. ആർ. കെ ബിജു പ്രമേയത്തെ പിന്താങ്ങി.

7.79 റീവാല്യുവേഷൻ റിസൽട്ട് വൈകുന്നതിന് കോവിഡ് ഒരു കാരണമാണെന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. റീവാലുവേഷൻ റിസൽട്ട് അധികം വൈകില്ലെന്നും ആറാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുമെന്നും വൈസ് ചാൻസിലർ പറഞ്ഞു.

7.80 സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ. ടി. ചന്ദ്രമോഹനൻ ചർച്ചയിൽ പങ്കെടുത്തു.

7.81 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.13

Sri. Saju P J moved the resolution

പ്രമേയം - ഒരേ റാങ്ക് ലിസ്റ്റിൽ നിന്നും വിവിധ കാലങ്ങളിലായി നിയമനം ലഭിച്ചവരിൽ ചിലർക്ക് Statutory പെൻഷനും ചിലർക്ക് Contributory പെൻഷനും

എന്ന നിലയിലാണ് ഇപ്പോൾ ഉള്ളത്. ഒരേ റാങ്ക് ലിസ്റ്റിൽ നിന്ന് 01/04/2013 ന് ശേഷം നിയമനം ലഭിച്ചവർക്ക് NPS ൽ നിന്നും Statutory പെൻഷനിലേക്ക് കേന്ദ്ര സർക്കാർ മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതനുസരിച്ച് കേരളത്തിലെ സർവ്വകലാശാല ജീവനക്കാർക്കും ഈ ആനുകൂല്യം ലഭ്യമാക്കണമെന്ന് ഈ പ്രമേയത്തിലൂടെ കേരള സർക്കാരിനോട് ആവശ്യപ്പെടുന്നു.

7.82 ഡോ. സുരേഷ് കുമാർ കെ.എസ്. പ്രമേയത്തെ പിന്താങ്ങി.

7.83 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.14

Dr. Suresh Kumar K S moved the resolution

പ്രമേയം - കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുത്ത സെനറ്റ് നിലവിൽ വന്നിട്ട് മൂന്ന് വർഷം ആയെങ്കിലും യൂണിവേഴ്സിറ്റി ആക്ടും സ്റ്റാറ്റ്യൂട്ടും വ്യവസ്ഥപ്പെടുത്തിയ അധികാര അവകാശങ്ങൾ സെനറ്റിന് നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ആക്ടും സ്റ്റാറ്റ്യൂട്ടും പരിശോധിച്ച് സെനറ്റിന്റെ അധികാര അവകാശങ്ങൾ വ്യവസ്ഥപ്പെടുത്തി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.84 ഡോ. മനോജ് എം പി പ്രമേയത്തെ പിന്താങ്ങി.

7.85 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.15

Dr. Ismayil Olayikkara moved the resolution

പ്രമേയം - യൂണിവേഴ്സിറ്റി തലത്തിൽ അദാലത്ത് നടത്തി അംഗീകാരം നൽകിയ തസ്തികകളിൽ അടിയന്തിരമായി അദ്ധ്യാപക നിയമനം നടത്താനുള്ള നടപടി സ്വീകരിക്കണമെന് സർക്കാരിനോട് ആവശ്യപ്പെടണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.86 ഡോ. ഇസ്മായിൽ ഓലായിക്കര തത്സമയം ഹജരില്ലാത്തതിനാൽ പ്രമേയം അവതരിപ്പിച്ചില്ല.

Resolution No.16

Sri. Saju P J moved the resolution

പ്രമേയം - കേരളത്തിലെ സർവ്വകലാശാലകളുടെ പെൻഷൻ ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട് ധനകാര്യ (പെൻഷൻ ബി) വകുപ്പ് 19/01/2022 ൽ പുറപ്പെടുവിച്ച സ.ഉ.(അച്ചടി)നം.8/2022/ധന നമ്പർ ഉത്തരവ് പിൻവലിക്കുകയും സർവ്വകലാശാല ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സർവ്വകലാശാല ജീവനക്കാരുടെ സേവന-വേതന-പെൻഷൻ ആനുകൂല്യങ്ങൾ സർക്കാർ ഖജനാവിൽ നിന്ന് നേരിട്ട് നൽകണമെന്നും ഈ പ്രമേയത്തിലൂടെ കേരള സർക്കാരിനോട് ആവശ്യപ്പെടുന്നു.

7.87 ശ്രീമതി. ലത ഇ.എസ് പ്രമേയത്തെ പിന്താങ്ങി.

7.88 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.17

Smt. Sona P moved the resolution

പ്രമേയം - ഗസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം മാസങ്ങളോളം വൈകുന്ന സാഹചര്യത്തിൽ, എയ്ഡഡ് കോളേജിലെ പ്രിൻസിപ്പാൾമാർക്ക് DDO പദവി നൽകിയതുപോലെ ഗസ്റ്റ് അദ്ധ്യാപകരുടെ മാസശമ്പളം അനുവദിക്കാനും പ്രിൻസിപ്പാൾമാരെ അധികാരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.89 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

7.90 പ്രിൻസിപ്പാളിന് ഗസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം കൊടുക്കാൻ അധികാരമില്ലെന്നും DDO മാരാണ് അത് ചെയ്യുന്നതെന്നും അതിനാലാണ് പ്രമേയം കൊണ്ടുവന്നതെന്നും ഡോ. സുരേഷ് കുമാർ കെ.എസ് അഭിപ്രായപ്പെട്ടു.

7.91 ഡോ.ആർ.കെ ബിജു, ശ്രീ. സതീശൻ പി.കെ എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

7.92 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.18

Smt. Sona P moved the resolution

പ്രമേയം - എൻ.സി.സി, എൻ.എസ്.എസ് വിദ്യാർത്ഥികൾക്ക് ഡിഗ്രി തലത്തിൽ പരീക്ഷകൾക്ക് ഗ്രേസ്മാർക്ക് ലഭിക്കുന്നുണ്ട്. വീണ്ടും പി ജി അഡ്മിഷൻ സമയത്ത് ഇവർക്ക് വെയിറ്റേജും നൽകുന്നുണ്ട്. ഒരേ വിദ്യാർത്ഥികൾക്ക് രണ്ടു തവണ ആനുകൂല്യങ്ങൾ നൽകുന്ന ഈ രീതിയിൽ അനൗചിത്യമുണ്ടോ എന്ന് പുന:പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.93 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

7.94 പ്രമേയം പാസാക്കരുതെന്ന് അഡ്വ. എം.കെ ഹസ്സൻ ആവശ്യപ്പെട്ടു.

7.95 ആനുകൂല്യങ്ങൾ റദ്ദ് ചെയ്യാനല്ല പ്രമേയം കൊണ്ടുവന്നതെന്നും അനർഹമായ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിൽ അത് പുന:പരിശോധിക്കണമെന്ന് മാത്രമാണ് ആവശ്യപ്പെട്ടതെന്നും ശ്രീമതി. സോന പി പറഞ്ഞു.

7.96 ഗ്രേഡിംഗ് സിസ്റ്റം നിലവിൽ വന്ന ശേഷമാണ് എൻ.സി.സിക്കും എൻ.എസ്.എസ്സിനും പ്രത്യേക ഗ്രേഡ് മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്താൻ തുടങ്ങിയത് ആ സമയത്ത് ഹയർ സ്റ്റഡീസിന് പോകുമ്പോഴുള്ള ആനുകൂല്യം നിഷേധിക്കപ്പെട്ടു. അത് ക്യാൻസൽ ചെയ്തിട്ടില്ല. അതകൊണ്ട് ഈ പ്രമേയം അംഗീകരിക്കണമെന്ന് ഡോ. ആർ.കെ ബിജു അഭിപ്രായപ്പെട്ടു.

7.97 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.19

Sri. Vijayakumar V moved the resolution

പ്രമേയം - സർവ്വകലാശാലയിൽ പ്രവർത്തിച്ചു വരുന്ന Incubation Centre ന്റെ പ്രയോജനം അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല

എന്ന വസ്തുത കുറെ കാലങ്ങളായി ചർച്ച ചെയ്യപ്പെടുകയാണ്. വിദ്യാർത്ഥികളിലെ സംരംഭകശീലം വളർത്തുന്നതിന് സർവ്വകലാശാലയുടെ ഭാഗത്തുനിന്നും യാതൊരു വിധ നടപടികളും ഉണ്ടാകുന്നില്ല. ആയതിനാൽ സർവ്വകലാശാലയിലെ Incubation Centre ന്റെ പ്രവർത്തനം കാര്യക്ഷമമാക്കി ഇതിനൊരു പരിഹാരം കാണണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.98 ശ്രീ. വിജയകുമാർ വി ക്ക് വേണ്ടി ചെയറിന്റെ അനുമതിയോടെ ശ്രീമതി. ലത ഇ.എസ് പ്രമേയം അവതരിപ്പിച്ചു.

7.99 ശ്രീ. സതീശൻ പി കെ പ്രമേയത്തെ പിന്താങ്ങി.

7.100 ചർച്ചകൾക്കു ശേഷം പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.20

Dr. Shanoj M P moved the resolution

പ്രമേയം - സെനറ്റിൽ പാസ്സാക്കുന്ന പ്രമേയങ്ങളിൽ മേൽ നടപടികൾ വൈകുന്ന സാഹചര്യമുണ്ട്. ഒരു സെനറ്റ് യോഗത്തിൽ പാസ്സായ പ്രമേയങ്ങളിലുള്ള തുടർ നടപടികൾ അടുത്ത സെനറ്റിൽ റിപ്പോർട്ട് ചെയ്യണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.101 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

7.102 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.21

Dr. Premachandran Keezhoth moved the resolution

പ്രമേയം - കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി ആണ് നടത്തുന്നത് എന്നതിനാലും അടുത്ത കാലത്ത് സർവ്വകലാശാല അദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമന കാര്യങ്ങളുമായി ബന്ധപ്പെട്ട് വിവാദങ്ങൾ ഉയർന്നതിനാലും സർവ്വകലാശാലയിലെ വിവിധ അദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സിക്ക് വിടണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.103 പ്രമേയം തള്ളിക്കളയണമെന്ന് ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു.

7.104 സഭ പ്രമേയം തള്ളിക്കളഞ്ഞു.

Resolution No.22

Sri. Sethumadhavan T moved the resolution

പ്രമേയം - കണ്ണൂർ യൂണിവേഴ്സിറ്റി ആസ്ഥാനമായ താവക്കരയിലേക്ക് മാനന്തവാടിയിൽ നിന്നും 91 കിലോമീറ്ററിലധികം സഞ്ചരിച്ചാണ് വിദ്യാർത്ഥികളും അദ്ധ്യാപകരും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനും വിവിധ ആവശ്യങ്ങൾക്കുമായി യൂണിവേഴ്സിറ്റിയിലെത്തുന്നത്. വയനാട്ടിലെ വിവിധ കോളേജുകളിൽ നിന്നും ഔദ്യോഗിക രേഖകൾ ചുരുങ്ങിയ സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ വിവരങ്ങളുടെ ഹാർഡ് കോപ്പി വൈകുന്ന പക്ഷം വലിയ തുക പിഴ ചുമത്തുന്നതും പതിവാണ്. വിവിധ പഠനാനുബന്ധ പരിപാടികൾ എൻ.സി.സി, എൻ.എസ്.എസ്, യൂണിവേഴ്സിറ്റി

കലാ കായിക മത്സരങ്ങൾ എന്നിവ സംബന്ധിച്ച സുപ്രധാന രേഖകൾ സമയബന്ധിതമായി സമർപ്പിക്കേണ്ടതുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ മാനന്തവാടി ക്യാമ്പസിലോ മാനന്തവാടി ഗവൺമെന്റ് കോളേജിലോ യൂണിവേഴ്സിറ്റിയുടെ ഒരു ഉപ ഓഫീസ് സംവിധാനം അനുവദിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.105 ഇത് സാധ്യമല്ലെന്ന് വൈസ് ചാൻസിലർ വ്യക്തമാക്കി.

7.106 പ്രമേയം സഭ അംഗീകരിച്ചില്ല.

Resolution No.23

Smt. Latha E S moved the resolution

പ്രമേയം - The papers with regard to the promotion/placement of teachers forwarded for approval are not disposed in time. An unnecessary delay is being caused. Hence the Senate may resolve to set a fixed time limit for the disposal of such files in the interest of the teachers.

7.107 കാര്യങ്ങൾ സമയ ബന്ധിതമായാണ് ചെയ്യുന്നതെന്ന് ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു. ഇത്തരം പരാതികൾ തന്റെ ശ്രദ്ധയിൽ വന്നിട്ടില്ലെന്നും ഉണ്ടെങ്കിൽ അത് പരിഹരിക്കുമെന്നും വൈസ് ചാൻസിലർ പറഞ്ഞു. promotion/placement എന്നിവ സമയ ബന്ധിതമായി ചെയ്യുന്നുണ്ടെന്നും കോളേജിൽ നിന്ന് നൽകുന്ന പേപ്പറുകളിൽ കുറവുണ്ടെങ്കിലാണ് വൈകുന്നതെന്നും ആയതിനാൽ പ്രമേയത്തിന്റെ ആവശ്യമില്ലെന്നും ഡോ. സുരേഷ് കുമാർ കെ.എസ് പറഞ്ഞു. വൈസ് ചാൻസിലർ ഇത് അംഗീകരിച്ചു.

7.108 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.24

Sri. Satheesan P.K moved the resolution

പ്രമേയം - അംഗീകൃത കോളേജുകളിൽ പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങളിൽ അടക്കം പ്ലേജറിസം ചെക്ക് ചെയ്യുന്നതിന് പേപ്പർ ഒന്നിന് 500 രൂപ എന്ന നിരക്കിൽ ഫീസ് ഈടാക്കുന്നതടക്കം പരീക്ഷാ സംബന്ധമായ കാര്യങ്ങളിൽ ബന്ധപ്പെട്ടവരിൽ നിന്ന് ഭീമമായ തുക ഫൈൻ ഈടാക്കുന്നതിന് ഇറക്കിയ ഉത്തരവുകൾ പിൻവലിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.109 പ്രമേയം തള്ളിക്കളയണമെന്ന് ഡോ. സുരേഷ് കുമാർ കെ.എസ്, ശ്രീ. സാജു പി.ജെ എന്നിവർ ആവശ്യപ്പെട്ടു.പ്ലേജറിസം ചെക്ക് ചെയ്യുന്നതിന് ലക്ഷങ്ങൾ ചെലവാക്കിയിട്ടാണ് Turnitin Software തയ്യാറാക്കിയത്. 500/- രൂപ കൂടുതലല്ലെന്നും ശ്രീ. സാജു പി.ജെ അഭിപ്രായപ്പെട്ടു. ഡോ. ആർ.കെ ബിജു ചർച്ചയിൽ പങ്കെടുത്തു.

7.110 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.25

Dr. R K Biju moved the resolution

പ്രമേയം - എയ്ഡഡ് കോളേജ് അധ്യാപകരുടെ പ്രൊമോഷൻ പ്രൊപ്പോസലുകൾ യു.ജി.സി റെഗുലേഷനനുസരിച്ച് സർവ്വകലാശാലയിൽ

നിന്നും കൃത്യമായ പരിശോധന നടത്തിയാണ് അംഗീകരിക്കുന്നത്. പക്ഷെ ശമ്പളം പുന:ക്രമീകരിക്കുന്നതിനു വേണ്ടി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ സർവ്വകലാശാല അംഗീകരിച്ച പ്രൊപ്പോസൽ എത്തിയാൽ അവിടെ വീണ്ടും അക്കാദമിക പരിശോധനയ്ക്ക് വിധേയമാക്കി ആനുകൂല്യം ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നു. ആയതിനാൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിന് സർവ്വകലാശാല അംഗീകരിച്ച പ്രൊപ്പോസലിൽ വീണ്ടും കൈകടത്തേണ്ട ആവശ്യമില്ല എന്നും അക്കാദമിക കാര്യങ്ങളിൽ സർവ്വകലാശാലയാണ് തീരുമാനം എടുക്കേണ്ടത് എന്നതും രേഖാമൂലം ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

7.111 ശ്രീ. സതീശൻ പി.കെ പ്രമേയത്തെ പിന്താങ്ങി.

7.112 പ്രമേയവതാരകൻ ഉപയോഗിച്ച വാക്ക് തന്നെ ശരിയല്ലെന്നും ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകാൻ സർവ്വകലാശാലക്ക് കഴിയുമോ എന്നും ഡോ. ടി.പി. അഷ്റഫ് പറഞ്ഞു. ശ്രീ. സാജു. പി.ജെ യും ഈ സംശയം ഉന്നയിച്ചു.

7.113 നേരത്തെ ഇത്തരം കീഴ് വഴക്കമുണ്ടെന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു. Multi level checking എന്നത് ഒരു അവിഭാജ്യ ഘടകമാണെന്ന് ഡോ. ടി.പി. അഷ്റഫ് പറഞ്ഞു. 2018 ഡിസംബർ 31 വരെ, യു.ജി.സി റഗുലേഷൻ പ്രകാരം Refresher course/orientation course എന്നിവ mandatory അല്ല എന്നത് സർക്കാർ/ സർവ്വകലാശാല ഉത്തരവ് ഡിഡിമാർ പാലിക്കുന്നില്ല. പ്രമേയത്തിൽ പറയുന്നതും വിശദീകരണവുമായി ഒത്തു പോകുന്നില്ല എന്ന് ഡോ. ടി.പി അഷ്റഫ് പറഞ്ഞു. സിൻഡിക്കേറ്റ് മെമ്പർമാരായ ഡോ. കെ.ടി. ചന്ദ്രമോഹനൻ, ശ്രീ. പ്രമോദ് കുമാർ കെ.വി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

7.114 പ്രമേയം സഭ തള്ളിക്കളഞ്ഞു.

7.115 സെനറ്റിന്റെ വിവിധ കമ്മിറ്റികളുടെ യോഗ തീരുമാനങ്ങൾ കൂടുതൽ ചർച്ചകൾക്കും ഭേദഗതികൾക്കുമായി അടുത്ത സെനറ്റിലേക്ക് മാറ്റിവെക്കാനും അംഗങ്ങൾക്ക് സോഫ്റ്റ് കോപ്പി നൽകണമെന്നും വൈസ് ചാൻസിലർ നിർദ്ദേശിച്ചു.

7.116 കൃത്യം 12.10 ന് യോഗം അവസാനിച്ചു.

വൈസ് ചാൻസിലർ